മെട്രോ വാർത്ത
2014 ഓഗസ്റ്റ് 5 ചൊവ്വ



















മേജർ ജനറൽ ബി. ചക്രവർത്തി

# പുതിയ തലമുറയെ വാർത്തെടുക്കാൻ സൈനിക ജാഗ്രത

**തെറ്റിദ്ധാരണകളും അബദ്ധ ചിന്തകളും മറികടന്ന് ഇന്ന് എൻസിസി രാജ്യത്തെ മികച്ച പ്രസ്ഥാനമായി വളർന്നു കഴിഞ്ഞു. നൂറു ശതമാനം സാക്ഷരത നേടിയ, ഉയർന്ന സാമൂഹ്യ ചിന്തകളുള്ള കേരളത്തിൽ എൻസിസിക്ക് ശക്തമായ വേരോട്ടമുണ്ട്.**

**അരവിന്ദ്**

മദ്യം, മയക്കുമരുന്ന്, അനാശാസ്യ പ്രവർത്തനങ്ങൾ, രാഷ്ട്രീയ ചേരിതിരിവും തമ്മിൽ തല്ലും, വർഗീയമായ തരംതിരിവ് തുടങ്ങി രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധി. ഓരോ പ്രശ്നങ്ങളിലും ഉൾപ്പെടുന്ന അല്ലെങ്കിൽ ബലിയാടാകുന്നതിൽ ഭൂരിഭാഗവും യുവജനങ്ങളും. ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയോടൊപ്പം തന്നെ സമൂഹത്തിന്റെ നല്ലവശങ്ങളിൽ കരിനിഴൽ വീഴുകയും ചെയ്യുന്നുണ്ട്. യുവമനസുകളെ മുതലെടുക്കുന്ന രാഷ്ട്രീയ സംഘടനകൾ, മതസംഘടനകൾ, ജാതി സംഘടനകൾ, ക്രിമിനൽ മാഫിയകൾ തുടങ്ങിയവർക്ക് സമൂഹത്തിന്റെ അടിത്തട്ടിൽ തന്നെ വേരോട്ടമുണ്ട്. ഇവയ്ക്കെതിരേയുള്ള പോരാട്ടമാണ് ഇന്ത്യയിലെ ഏറ്റവും വലിയ യുവജന പ്രസ്ഥാനമായ എൻസിഎസി എന്ന രാഷ്ട്രീയ യുവജന കേഡറ്റ് കോറിന്റെ ലക്ഷ്യം.

സൈന്യത്തിലേക്കുള്ള പ്രാഥമിക ചവിട്ടുപടിയായിട്ടാണ് എൻസിസിയെ ഒരുകാലത്ത് ജനങ്ങൾ കണ്ടിരുന്നത്. സ്കൂളുകളിലും കോളെജുകളിലും പ്രവേശനത്തിനുള്ള ഗ്രേസ് മാർക്കിനുള്ള മാർഗമായും പിന്നീട് എൻസിസി പ്രസ്ഥാനം ചിത്രീകരിക്കപ്പെട്ടു. തെറ്റിദ്ധാരണകളും അബദ്ധ ചിന്തകളും മറികടന്ന് ഇന്ന് എൻസിസി രാജ്യത്തെ മികച്ച പ്രസ്ഥാനമായി വളർന്നു കഴിഞ്ഞു. നൂറു ശതമാനം സാക്ഷരത നേടിയ, ഉയർന്ന സാമൂഹ്യ ചിന്തകളുള്ള കേരളത്തിൽ എൻസിസിക്ക് ശക്തമായ വേരോട്ടമുണ്ട്. കേരളത്തിലെയും ലക്ഷദ്വീപിലെയും എൻസിസി പ്രവർത്തനങ്ങളെ വൈവിധ്യവത്ക്കരണത്തിലൂടെ പുതിയ ദിശയിലേയ്ക്കു നയിക്കുകയാണ് അതിന്റെ സാരഥികൾ. കേരള-ലക്ഷദ്വീപ് അഡീഷണൽ ഡയറക്റ്റർ ജനറൽ മേജർ ബി. ചക്രവർത്തിയും ഡെപ്യൂട്ടി ഡയറക്റ്റർ ജനറൽ ബ്രിഗേഡിയർ എൻ. സനൽകുമാറും എൻസിസി പ്രവർത്തനങ്ങളെ സജീവമാക്കുന്നു. നേതൃത്വം നൽകുന്നവരുടെ ആത്മാർഥതയും അർപ്പണ ബോധവും കേരളത്തിലെ എൻസിസിക്ക് പുതിയ ജീവൻ പകർന്നു നൽകിയിട്ടുണ്ട്. മുഴുവൻ സമയവും പുതിയ തലമുറയെ വാർത്തെടുക്കാനായി നീക്കിവച്ചിരിക്കുന്ന ഇരുവരും അച്ചടക്കവും ആത്മവിശ്വാസവുമുള്ള പുതിയ തലമുറയെയാണു സ്വപ്നം കാണുന്നത്. അതിനായാണ് അഹോരാത്രം പണിപ്പെടുന്നതും.

പലരും സർവീസ് കാലഘട്ടത്തിന്റെ അവസാന നാളുകളിൽ വിശ്രമിക്കാനായി സ്വീകരിക്കുന്ന മേഖലയായിരുന്നു എൻസിസിയുടെ ചുതമല. എന്നാൽ സൈനിക സേവനത്തിന്റെ മികച്ച ഏടായി ഇതിനെ കാണുകയാണ് മേജർ ജനറൽ ചക്രവർത്തിയും ബ്രിഗേഡിയർ സനൽകുമാറും. ഒരു തലമുറയെ വാർത്തെടുക്കാനും അതുവഴി രാജ്യത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനും വേണ്ടിയാണ് ഇവർ പരിശ്രമിക്കുന്നത്. അപ്പോഴും യുദ്ധമുഖത്തെ ജാഗ്രതയും സൈനിക ക്യാംപുകളിലെ കണിശതയും കൈവിടുന്നില്ല. 2013 -14 ൽ രാജ്യത്തെ എൻസിസികളിൽ കേരളത്തിലെ എയർഫോഴ്സ് വിങ്ങായിരുന്നു മികച്ചത്. നിരവധി പരിശോധനകളിലൂടെയും വിലയിരുത്തലുകളിലൂടെയും സൈന്യത്തിന്റെ കർശനമായ നിരീക്ഷണങ്ങളിലൂടെയുമാണ് ഏറ്റവും മികച്ച വിഭാഗത്തെ കണ്ടെത്തിയത്. മറ്റു സംസ്ഥാനങ്ങളെ പിൻതള്ളി കേരളത്തിന്റെ എയർവിങ്ങിനെ ഏറ്റവും മികച്ച നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞതിനു പിന്നിൽ മേജർ ജനറലിന്റെയും ബ്രിഗേഡിയറുടെയും അർപ്പണബോധമൊന്നു മാത്രമാണ്. ഇരുവരുടെയും പ്രവർത്തനങ്ങൾക്കു ലഭിച്ച അംഗീകാരമാണ് ഇതെന്ന് കേഡറ്റുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

എൻസിസി ഇനി ഏറ്റെടുക്കാൻ പോകുന്നത് കേരളത്തിലെ ദേശീയ ഗെയിംസാണ്. സംസ്ഥാനത്ത് ദേശീയ ഗെയിംസ് സംഘടിപ്പിക്കുമ്പോൾ അതിന്റെ സുഗമമായ നടത്തിപ്പിനും സുരക്ഷയ്ക്കുമായൊക്കെ സജീവമായി എൻസിസി കേഡറ്റുകളുണ്ടാകും. ട്രാഫിക് നിയന്ത്രണം മുതൽ ഓരോ മത്സരവേദിയിലെയും സുരക്ഷ ചുമതലകളിൽ വരെ കേഡറ്റുകൾ പങ്കാളികളായിരിക്കും. ഇതിനായുള്ള കഠിന പരിശീലനങ്ങളുടെ തുടക്കം കുറിച്ചു കഴിഞ്ഞു. രാജ്യത്തിനു തന്നെ മാതൃകയാകാനുള്ള ഒരുക്കത്തിലാണ് ഇപ്പോൾ കേരളത്തിലെ എൻസിസി. റിപ്പബ്ലിക് ദിന ക്യാംപിന്റെയും മറ്റും തിരക്കുകൾക്കിടയിൽ ലഭിച്ച അൽപ്പ സമയം എൻസിസിയുടെ പ്രവർത്തനങ്ങളെകുറിച്ച് വിശദീകരിക്കാൻ ബ്രിഗേഡിയർ സനൽകുമാർ തയ്യാറായി.

**▶ എൻസിസിയുടെ ലക്ഷ്യങ്ങൾ ?**

ഐക്യവും അച്ചടക്കവും എന്ന മൂലമന്ത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എൻസിസി സൈന്യത്തിന്റെ ഒരു ചെറുപതിപ്പ് തന്നെയാണ്. സൈനിക സേവനത്തിന്റെ ചവിട്ടുപടിയായി കാണുന്നതിലും തെറ്റില്ല. യുവാക്കൾക്കിടയിൽ സഹകരണം, അച്ചടക്കം, നേതൃത്വം, മതനിരപേക്ഷമായ വീക്ഷണം, വീരസാഹസിക പ്രവർത്തികളിലെ പ്രസരിപ്പ്, നിസ്വാർഥ സേവനം തുടങ്ങിയവ വികസിപ്പിക്കുകയെന്നാണ് എൻസിസിയുടെ ലക്ഷ്യം. രാജ്യസേവനത്തിനു താൽപ്പര്യമുള്ള ഒരു കൂട്ടം യുവാക്കളെ സൃഷ്ടിക്കുകയെന്നതാണ് എൻസിസിയുടെ കടമ. ഇതിനായുള്ള പ്രവർത്തനങ്ങളെ രാജ്യസേവനമായി മാത്രമേ കാണാൻ കഴിയൂ. അതിർത്തികളിൽ ജീവൻ പണയംവച്ച് കാവൽ നിൽക്കുന്ന സൈനികനും യുദ്ധമുഖത്ത് നാടിനു വേണ്ടി പൊരുതുന്ന ധീരജവാനും നടത്തുന്ന പോരാട്ടങ്ങൾക്കു തുല്യം തന്നെയാണ് എൻസിസിയുടെ പ്രവർത്തനവും. മികച്ച ഒരു തലമുറയ്ക്കു മാത്രമെ രാജ്യത്തെ മുന്നോട്ടുകൊണ്ടു പോകാൻ കഴിയൂ. ആ തലമുറയെ വാർത്തെടുക്കുകയെന്ന യുദ്ധതന്ത്രം മെനയുന്നതു പോലെ തന്നെ ശ്രദ്ധയും ജാഗ്രതയും വേണ്ട പ്രവർത്തി തന്നെയാണ്.

**▶ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ?**

മുൻകാലങ്ങളിൽ രക്തദാനം, ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ എൻസിസി കേഡറ്റുകൾ കൂടുതൽ ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇന്നു മറ്റു സംഘടനകൾ ഇത്തരം പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രധാന്യം നൽകുന്നു. എൻസിസി മുന്നോട്ടുവച്ച മാതൃകയാണ് ഇത്തരം സംഘടനകൾക്കു പ്രചോദനമായത്. ഇങ്ങനെ കൂടുതൽ പേർ ഈ മേഖലയിലേയ്ക്കു കടന്നുവരുമ്പോൾ അതിനൊപ്പം മാത്രം പൂർണമായും നിൽക്കുന്നതിൽ അർഥമില്ല. അത്തരം പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പുതിയ മേഖലകൾ കണ്ടെത്തുകയും വേണം. പാലിയേറ്റീവ് കെയറിൽ ഇപ്പോൾ എൻസിസി ശ്രദ്ധിക്കുന്നുണ്ട്. വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്നവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും സജീവമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. ഏറ്റവും അധികം ശ്രദ്ധിക്കുന്നത് വ്യക്തിത്വവികസനത്തിനാണ്. ഇതിനായി സജീവ ശ്രമങ്ങളാണ് ഇപ്പോൾ നടത്തുന്നത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും എൻസിസി കേഡറ്റുകൾക്കു പരിശീലനം നൽകുന്നു. ഏതെങ്കിലും പ്രദേശങ്ങളിൽ അടിയന്തര സാഹചര്യമുണ്ടായാൽ സഹായമെത്തിക്കുന്നതിനും ജീവൻരക്ഷിക്കുന്നതിനും എൻസിസി കേഡറ്റുകൾക്കു പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേകം ക്യാംപുകളും ക്ലാസുകളുമൊക്കെ സംഘടിപ്പിക്കുന്നു. ഓരോ കേഡറ്റുകളിൽ നിന്നും ആത്മാർഥമായ സഹകരണവും അർപ്പണവും ഇതിനു ലഭിക്കുന്നുണ്ട്.

**▶ പുതിയ കാലഘട്ടത്തിൽ എൻസിസിയുടെ ഭാവി ?**

ഓരോ കാലഘട്ടത്തിനും അതിന്റേതായ വ്യത്യാസങ്ങളുണ്ട്. തൊഴിൽരംഗത്ത് വൈവിധ്യങ്ങൾ വരുന്നത് പോലെതന്നെ വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങളുണ്ടാകുന്നു. മാനസികാവസ്ഥയിൽ പോലും മാറ്റങ്ങളുണ്ട്. ഓരോരുത്തരും അവരിലേയ്ക്കു തന്നെ ചുരുങ്ങുന്നു. മികച്ച വരുമാനം ലഭിക്കാൻ മികച്ച ജോലി വേണം. അതിനായി മികച്ച വിദ്യാഭ്യാസം വേണം. അപ്പോൾ സ്വാഭാവിക വിദ്യാഭ്യാസത്തിനു പുറമെ പ്രത്യേക വിദ്യാഭ്യാസവും ലഭിക്കണം. ട്യൂഷൻ ക്ലാസുകൾക്കു പ്രാധാന്യം ലഭിക്കുന്നത് ഇവിടെയാണ്. എൻട്രൻസ് കോച്ചിങ് സെന്ററുകളും മറ്റും വ്യാപകമാകുന്നതും ഇങ്ങനെയായിരിക്കും. ഇതിനിടയിലും എൻസിസി നിലനിൽക്കുന്നുണ്ടെങ്കിൽ അതിന്റെ വിശ്വാസം കൊണ്ടുമാത്രമാണ്. അതുകൊണ്ടു തന്നെ ആദ്യകാല പ്രവർത്തന രീതികളിൽ നിന്നും വ്യത്യസ്തമായിരിക്കണം. കാലത്തിന് അനുസരിച്ചുള്ള മാറ്റങ്ങൾ തന്നെയാണ് എൻസിസിയിലും കൊണ്ടുവരുന്നത്. അതിനായി സംസ്ഥാന കേന്ദ്ര സർക്കാരുകളും സൈനിക കേന്ദ്രങ്ങളും മികച്ച പിന്തുണയും നൽകുന്നുണ്ട്.

പുതിയ തലമുറയെ വാർത്തെടുക്കാൻ, ആധുനികകാലഘട്ടത്തിലെ എല്ലാ അരുതായ്മകളിൽ നിന്നും യുവതലമുറയെ മോചിപ്പിക്കാൻ, രാജ്യത്തിന്റെ നാളത്തെ രക്ഷയ്ക്കുള്ള പടയൊരുക്കാൻ എൻസിസിയെ ഒരുക്കുകയാണിവർ. ഒരു സൈന്യത്തെ വാർത്തെടുക്കുന്ന അതേ ജാഗ്രതയോടെ, ചടുലതയോടെ. രാജ്യത്തിന്റെ ഭാവി സുരക്ഷിതമാക്കാൻ, സുരക്ഷിത കരങ്ങളിൽ ഭദ്രമാക്കാൻ.



ബ്രിഗേഡിയർ എൻ. സനൽകുമാർ

snaps: **binu narayanan**